പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 267 — 28.06.2016 -ൽ മറുപടിക്ക്.

## ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൽദോ എബ്രഹാം** | **ശ്രീ. പി.തിലോത്തമൻ (ബഹു.ഭക്ഷ്യവും പൊതു വിതരണവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ റേഷൻ കടകളിലെയും മാവേലിസ്റ്റോറുകളിലെയും ഭക്ഷ്യ സാധനങ്ങളുടെ കുറവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) റേഷൻ കടകളിൽ ഭക്ഷ്യ ധാന്യങ്ങളുടെ കുറവ് ഇല്ല. സപ്ലൈകോയുടെ എല്ലാ വില്പനശാലകളിലും അവശ്യസാധനങ്ങൾ, പ്രത്യേകിച്ച് സബ്സിഡി ഉൽപ്പന്നങ്ങൾ ആവശ്യത്തിന് ലഭ്യമാക്കുന്നതിനുള്ള സ്റ്റോക്ക് എല്ലാ ഡിപ്പോകളിലും സൂക്ഷിക്കാറുണ്ട്. എന്നാൽ ചില അവസരങ്ങളിൽ അപ്രതീക്ഷിതമായി ക്രമാതീതമായ വില്പന ഉണ്ടാകുന്ന സാഹചര്യത്തിൽ എത്തിച്ചു കൊടുക്കുന്ന സ്റ്റോക്ക് അപര്യാപ്തമാകുകയും അങ്ങനെ സബ്സിഡി ഉൽപ്പന്നങ്ങൾ ചില സമയങ്ങളിൽ ലഭ്യമല്ലാതാകാറുമുണ്ട്. എല്ലാ മാവേലിസ്റ്റോറുകളിലും അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനായി നടപടികൾ എടുത്തു വരുന്നു. |
| (ബി) വിലക്കയറ്റം നിയന്ത്രിക്കുന്നതിനും ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ? | (ബി) പൊതുവിതരണ ശൃംഖലയിലൂടെ വിതരണം ചെയ്യുന്ന സാധനങ്ങളുടെ തിരിമറി, പൊതു വിപണിയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിന് ശക്തമായ പരിശോധനാ സംവിധാനമാണ് സംസ്ഥാനത്ത് നിലവിലുള്ളത്. 2016 ജനുവരി മുതൽ മെയ് വരെ സംസ്ഥാനത്തുടനീളം 20,199 പൊതുവിതരണ കേന്ദ്രങ്ങളും, 2,114 ഓപ്പൺ മാർക്കറ്റ് കടകളും പരിശോധനയ്ക്ക് വിധേയമാക്കി. ആയത് പ്രകാരം നിയമ ലംഘനം നടത്തിയവർക്ക് എതിരെ നോട്ടീസ് നല്കി പിഴ ഉൾപ്പെടെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതു വിപണിയിലെ വിലക്കയറ്റം നിരീക്ഷിച്ച് ആയത് നിയന്ത്രണ വിധേയമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിനും, പൊതുജനങ്ങളുടെ ഇതു |

സംബന്ധിച്ച പരാതി സ്വീകരിക്കുന്നതിനുമായി സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിൽ 01.06.2016 മുതൽ പ്രൈസ് മോണിറ്ററിംഗ് സെൽ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. 22 അവശ്യ സാധനങ്ങളുടെ വില സംസ്ഥാനത്തെ പൊതുവിപണിയിൽ നിന്നും ജില്ലാ സപ്ലൈ ഓഫീസർമാർ ശേഖരിച്ച് സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിലെ സ്റ്റാറ്റിസ്റ്റിക്സ് സെക്ഷനിൽ നല്കുകയും അവിടെ നിന്നും ഈ വിവരങ്ങൾ ക്രോഡീകരിച്ച് കേന്ദ്ര പൊതുവിതരണ ഉപഭോക്തൃകാര്യ മന്ത്രാലയത്തിന്റെ വെബ് സൈറ്റിൽ ചേർക്കുകയും ചെയ്യുന്നു. വില ശരാശരിയിൽ കൂടിയതായി കാണുന്ന കേന്ദ്രങ്ങളിൽ ശക്തമായ പരിശോധന നടത്താറുണ്ട്. കൂടാതെ ജില്ലകളിൽ ദൈനംദിന റെയ്ഡും നടത്താറുണ്ട്. വിലവിവര പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനായി പൊതു വിതരണ വകുപ്പ് ഉദ്യോഗസ്ഥർ മാത്രമായും റവന്യൂ, ലീഗൽ മെട്രോളജി, ആരോഗ്യം, നികുതി വകുപ്പുകളുമായി ചേർന്നും നിരന്തരം പരിശോധനകൾ നടത്തി നിയമ ലംഘനം നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യ വസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും സപ്ലൈകോയും താഴെ പറയുന്ന നടപടികൾ എടുത്തു വരുന്നു. നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വിലനിലവാരം പിടിച്ചു നിറുത്തുന്നതിനും വേണ്ടി 13 ഇനം അവശ്യസാധനങ്ങൾ 20% മുതൽ 62% വരെ സബ്സിഡി വിലയിൽ സപ്ലൈകോ വിൽപനശാലകൾ വഴി വിറ്റു വരുന്നു. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 21 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. കൂടുതൽ വിൽപനശാലകൾ വഴി മിതമായ നിരക്കിൽ വിപണിയിൽ കൂടുതൽ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ഇതിനു പുറമേ ആദിവാസി/ തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ

വിതരണത്തിനായി സഞ്ചരിക്കുന്ന 23 മാവേലി സ്റ്റോറുകളും പ്രവർത്തിച്ചു വരുന്നു. യഥാർത്ഥ ഉപഭോക്താവിന് അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് അവയുടെ വിൽപന റേഷൻ കാർഡുകൾ വഴി നിയന്ത്രിക്കുകയും അതുവഴി അവശ്യസാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്യുന്നു. ഉപഭോക്താവിന് നല്ല ഗുണമേന്മയുള്ള ഗോതമ്പ് പൊടി ലഭ്യമാക്കുന്നതിന് കിലോയ്ക്ക് 15/- രൂപ നിരക്കിൽ ഫോർട്ടിഫൈഡ് ആട്ട 14000 റേഷൻ കടകൾ വഴിയും സപ്ലൈകോ വിൽപ്പനശാലകൾ വഴിയും വിതരണം ചെയ്തു വരുന്നു. ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ പൊതു വിപണിയേക്കാൾ ഏകദേശം 20-30 ശതമാനം വിലക്കുറവിൽ വിറ്റു വരുന്നു. സപ്ലൈകോയ്ക്ക് വിലക്കയറ്റം നിയന്ത്രിക്കുന്നതിന് അടിയന്തരമായി വിപണി ഇടപെടൽ നടത്തുന്നതിന് നിലവിലുള്ള 70 കോടി രൂപ 150 കോടി രൂപയായി ഉയർത്തി അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല മുഖേന വിതരണം ചെയ്യേണ്ട ഭക്ഷ്യധാന്യങ്ങളുടെ സംഭരണവും വിതരണവും മുഖ്യമായും വഹിക്കുന്നത് എഫ്.സി.ഐ. ഗോഡൗണുകളിലൂടെയാണ്. ആയത് വിട്ടെടുക്കുന്നതിനു മുൻപായി അതതു ജില്ലാ സപ്ലൈ ആഫീസർമാർ ബന്ധപ്പെട്ട എഫ്.സി.ഐ. ഗോഡൗണിൽ ഗുണനിലവാരമുള്ള അരി/ ഗോതമ്പ് എന്നിവയുടെ ലോട്ട് മുൻകൂറായി മാർക്ക് ചെയ്യുകയും ആയതിൽ നിന്ന് എ.ഡബ്ല്യു.ഡി.കൾ വിട്ടെടുക്കുകയും ചെയ്യുന്നു. എഫ്.സി.ഐ.യിൽ നിന്ന് വിട്ടെടുക്കുന്നതിന്റെ സാമ്പിളുകൾ എല്ലാ വിവരങ്ങളും പ്രത്യേകം രേഖപ്പെടുത്തി സീൽ ചെയ്ത് സൂക്ഷിക്കുന്നു.കൂടാതെ എ.ഡബ്ല്യു.ഡികളിൽ നിന്നും റേഷൻ ഡിപ്പോകൾക്ക് ലഭ്യമാകുന്ന ഭക്ഷ്യവിഹിതത്തിന്റെ ഗുണനിലവാരം ഉറപ്പ വരുത്തുന്നതിന് വിതരണ സമയങ്ങളിൽ റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രത്യേക പരിശോധന നടത്തി സാമ്പിൾ പായ്ക്കറ്റുകൾ നൽകുന്നുണ്ട്. കൂടാതെ എല്ലാ റേഷൻ കടകളിൽ നിന്നും ഗുണനിലവാരം ഉറപ്പാക്കിയിട്ടുള്ള ഭക്ഷ്യധാന്യ വിതരണം റേഷനിംഗ് ഇൻസ്പെക്ടർ മുതലുള്ള പരിശോധനാ

ഉദ്യോഗസ്ഥർ ഉറപ്പ വരുത്തുന്നുണ്ട്. മാത്രമല്ല ഗുണനിലവാരം സംബന്ധിച്ച പരാതി ലഭ്യമായാൽ നേരിട്ട് പരിശോധിച്ച് അടിയന്തിര നടപടി സ്വീകരിക്കുന്നുണ്ട്.

ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി സപ്ലൈകോ ഇ-ടെൻഡറിൽ വാങ്ങുന്ന സാധനങ്ങൾ ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റിയുടെ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമായി മാത്രമെ വിൽപ്പനയ്ക്ക് വയ്ക്കുകയുള്ളൂ. മറ്റ് ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ കാര്യത്തിൽ ISO 22000, ഗുണനിലവാര പരിശോധന, ബാച്ച് തല ഗുണനിലവാര പരിശോധന എന്നിവയുടെ അടിസ്ഥാനത്തിൽ മാത്രമേ വിൽപ്പനയ്ക്ക് വയ്ക്കാൻ പാടുള്ളൂ എന്ന നിർദ്ദേശം നല്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ